**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3985** **15-07-2022 - ൽ മറുപടിയ്ക്ക്**

**റേഷൻകട വഴി സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള അരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന അരി സപ്ലൈകോ ഗോഡൗണുകളിലും മാവേലി സ്റ്റോറുകളിലും മാസങ്ങളോളമിരുന്ന് കേടാകുന്നത് പരിഹരിക്കാൻ ഇവയുടെ വിതരണം ആഴ്ച്ചതോറും സ്കൂളുകളുടെ തൊട്ടടുത്തുള്ള റേഷൻകട വഴി നടത്തുന്നത് പരിശോധിക്കുമോ; | (എ) | സ്കൂളുകളുടെ സൗകര്യാർത്ഥം തൊട്ടടുത്ത മാവേലിസ്റ്റോറുകളിൽ നിന്നോ, സപ്ലൈകോ താലൂക്ക് ഡിപ്പോ ഗോഡൗണുകളിൽ നിന്നോ ആവശ്യകതയ്ക്കനുസരിച്ച് മാത്രമാണ് അരി സ്കൂളുകൾ വിട്ടെടുക്കുന്നത്. വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം സപ്ലൈകോ ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | എങ്കിൽ നിലവിൽ എഫ്.സി.ഐ.യിൽ നിന്നും നൂൺ ഫീഡിംഗ് റൈസ് ആയി ലഭിക്കുന്ന പുഴക്കലരിയിൽ നിന്ന് റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്യുന്ന കുട്ടനാടൻ മട്ട അരി (സി.എം.ആർ.) 50:50 അനുപാതത്തിൽ പരിവർത്തനം ചെയ്ത് സ്കൂൾ കുട്ടികൾക്ക് നൽകുന്നത് പരിഗണിക്കുമോ; | (ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേയ്ക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫോർട്ടിഫൈഡ് അരിയാണ് നിലവിൽ എഫ്.സി.ഐ ഡിപ്പോകളിൽ നിന്ന് വിട്ടെടുത്ത് വിതരണം ചെയ്തുവരുന്നത്. കേന്ദ്ര സർക്കാരിന്റെ നെല്ല് സംഭരണ പദ്ധതി പ്രകാരമുള്ള സി.എം.ആർ (മട്ട അരി) നിലവിൽ റേഷൻകടകൾ വഴി കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനാണ് ഉപയോഗപ്പെടുത്തി വരുന്നത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം അനുവദിക്കുന്ന അരി വിട്ടെടുത്ത് വിതരണം ചെയ്യുക മാത്രമാണ് സപ്ലൈകോ ചെയ്തുവരുന്നത്. |
| (സി) | റേഷൻകടകൾ വഴി സ്കൂൾ കുട്ടികൾക്കായി സി.എം.ആർ. വിതരണം നടത്തുന്നതിന് സാങ്കേതികമായി എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ? | (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേയ്ക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫോർട്ടിഫൈഡ് അരിയാണ് നിലവിൽ എഫ്.സി.ഐ ഡിപ്പോകളിൽ നിന്ന് വിട്ടെടുത്ത് വിതരണം ചെയ്തുവരുന്നത്. കേന്ദ്ര സർക്കാരിന്റെ നെല്ല് സംഭരണ പദ്ധതി പ്രകാരമുള്ള സി.എം.ആർ (മട്ട അരി) നിലവിൽ റേഷൻകടകൾ വഴി കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനാണ് ഉപയോഗപ്പെടുത്തി വരുന്നത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം അനുവദിക്കുന്ന അരി വിട്ടെടുത്ത് വിതരണം ചെയ്യുക മാത്രമാണ് സപ്ലൈകോ ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ